# പള്ളിക്കര സെയ്ദ് സാഹിബ്



**കെ.ഇ** സെയ്ദ് മുഹമ്മദ് (പള്ളിക്കര സെയ്ദ്) സാഹിബ് അന്തരിച്ചു. സെയ്ദ് സാഹിബിനെക്കുറിച്ചുള്ള അനുസ്മരണം ദക്ഷിണ കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിർണായകമായ ഒരു കാലഘട്ടത്തിന്റെ അനുസ്മരണമാണ്. പള്ളിദർസിൽനിന്ന് കിതാബ് പഠിച്ച ഇരുപതുകാരൻ തെക്കൻ കേരളത്തിലെ സാംസ്കാരിക വേദികളെ പ്രകമ്പനം കൊള്ളിക്കുന്ന വാഗ്മിയായി മാറിയത് വിജ്ഞാനസമ്പാദനത്തിനുള്ള കഴിവും ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള ആവേശവും കൊണ്ടായിരുന്നു. എറണാകുളത്തിനു പുറമെ കാഞ്ഞിരപ്പള്ളി, പൊന്നാനി, ഓച്ചിറ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിൽ 1960–'80 കാലയളവിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രഭാഷണ പരമ്പരകൾ അവിസ്മരണീയങ്ങളാണ്.

പ്രാസ്ഥാനികവും സാമുദായികവുമായ അതിർവരമ്പുകൾക്കപ്പുറത്ത് സമൂഹത്തിലെ എല്ലാ വിഭാഗവുമായി ബന്ധം സ്ഥാപിക്കുക വഴി ജനകീയനാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. കൊച്ചിൻ റിഫൈനറി ജുമാമസ്ജിദിൽ ഖത്വീബായിരുന്ന കാലത്ത് കരിമുകൾ-അമ്പലമുകൾ മേഖലയിലെ നിരവധി ചെറുപ്പക്കാരെ ദൈവനിഷേധ വഴികളിൽനിന്ന് മോചിപ്പിച്ചത് അദ്ദേഹമായിരുന്നുവെന്ന് പലരും അനുസ്മരിക്കാറുണ്ട്. കേരള യുക്തിവാദി സംഘത്തിന്റെ സജീവപ്രവർത്തകരായിരുന്ന അരഡസൻ പേരുൾപ്പെടെ ഇരുപതോളം പേർക്ക് അദ്ദേഹത്തിലൂടെ സത്യദീനിന്റെ പ്രകാശം ലഭിച്ചിട്ടുണ്ട്.

മുഹമ്മദ് അസദ്, ജെഫ്രി ലാംഗ്, യിവോൺ റിഡ്‌ലി തുടങ്ങിയ ചിന്തകരായ നവമുസ്‌ലിംകളുടെ രചനകൾ വഴി ഇസ്‌ലാമിനെ തനത് ഭാവത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നുവെന്നത് മുൻപില്ലാത്ത ഒരു നേട്ടമാണെന്നും ആധുനിക ഇസ്‌ലാമിക സമൂഹത്തിനും അല്ലാഹുവിന്റെ ദീനിനും അത് വമ്പിച്ച പ്രതിഛായ നേടിക്കൊടുക്കുമെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ഐ.പി.എച്ച് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ പലതിന്റെയും പരസ്യം പത്രത്തിൽ കണ്ട കാര്യം അദ്ദേഹത്തോട് പറയുമ്പോഴേക്കും പുസ്തകം വായിച്ച് ഉള്ളടക്കം ഹൃദിസ്ഥമാക്കിയിട്ടുണ്ടാകും പലപ്പോഴും. അദ്ദേഹത്തിന്റെ വിസ്മയഭരിതമായ പ്രഭാഷണങ്ങൾ കേട്ട്, നിങ്ങളുടെ ബിരുദമേതാണ് എന്ന് ചോദിക്കുന്നവരോട് 'ഐ.പി.എച്ച്' എന്ന് മറുപടി പറയും. പള്ളിക്കരയിൽ ഈദ്ഗാഹ് തുടങ്ങാനും ഉദുഹിയ്യത്ത് മാംസം ആവശ്യക്കാർ ഇങ്ങോട്ട് വന്നുവാങ്ങുന്ന രീതി മാറ്റി വീടുകളിലെത്തിക്കുന്ന വിതരണ സമ്പ്രദായം തുടങ്ങാനും യുക്തി പൂർണമായ ഇടപെടലിലൂടെ അദ്ദേഹത്തിന് സാധിച്ചു.

2010 ഫെബ്രുവരിയിൽ ശരീരത്തിനും മനസ്സിനും ഭാഗികമായി തളർച്ച സംഭവിച്ചതിനുശേഷം ഒക്ടോബർ 7 വ്യാഴാഴ്ച മഗ്‌രിബിന് വിടപറയുന്നതുവരെയുള്ള മാസങ്ങളൊഴിച്ചാൽ വായനയും ചിന്തയുമില്ലാത്ത ഒരു ജീവിതമില്ലായിരുന്നു അദ്ദേഹത്തിന്. അസുഖബാധിതനാകുന്നതിന്റെ തലേന്നാൾ പെരിങ്ങാല മസ്ജിദുൽഹുദയിൽ വെച്ച് ദീർഘസംഭാഷണം നടത്തവെ പ്രബോധനത്തിൽ വന്ന ഇർഫാൻ അഹ്മദിനെക്കുറിച്ചുള്ള ലേഖനസംബന്ധമായി എത്ര അഭിമാനത്തോടെയാണ് സംസാരിച്ചത്! ആസ്ട്രേലിയയിലെ മൊണാഷ് യൂനിവേഴ്സിറ്റി നരവംശശാസ്ത്ര അധ്യാപകൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അത്യുന്നത നിലവാരത്തിലുള്ള നിരൂപണം നടത്തിയത് അദ്ദേഹത്തെ ആഹ്ലാദഭരിതനാക്കി. *പ്രബോധന*ത്തിലെ ലേഖനങ്ങളുടെ ദൈർഘ്യം ഗണ്യമായി കുറച്ച് കൊച്ചുകൊച്ചു ലേഖനങ്ങളാക്കിയതിലുള്ള അതീവസന്തോഷവും അദ്ദേഹം പ്രകടിപ്പിച്ചു. ഇർഫാൻ അഹ്മദിനെക്കുറിച്ച ലേഖനം രണ്ടു പേജിലൊതുങ്ങാതെ ദീർഘിപ്പിച്ചിരുന്നുവെങ്കിൽ അനുവാചകർ നാലിൽ ഒന്നായി ചുരുങ്ങുമായിരുന്നുവെന്നും ഇത്ര ഗംഭീരമായ ഒരു വിശേഷം ലേഖനത്തിന്റെ ദൈർഘ്യതയാൽ നഷ്ടപ്പെട്ടുപോകുമായിരുന്നുവെന്നും അദ്ദേഹം നിരീക്ഷിച്ചു. മക്കളും കുടുംബവും പ്രസ്ഥാന മേഖലയിൽ സജീവമാണ്.

അഗാധ പാണ്ഡിത്യത്തിന്റെ ഉടമയായ സെയ്ദ് സാഹിബിന്റെ പരലോകജീവിതം അല്ലാഹു പ്രകാശപൂരിതമാക്കട്ടെ.

**കെ.പി യൂസുഫ് പെരിങ്ങാല**

# കോളോത്ത് അബ്ദുല്ല ഹാജി

**ജമാഅത്തെ** ഇസ്‌ലാമി അംഗങ്ങളുടെ അഖിലേന്ത്യാ സമ്മേളനം കഴിഞ്ഞ് നാട്ടിലേക്ക് തിരിക്കുന്നതിന്നായി ദൽഹി എയർപോർട്ടിൽ ഇരിക്കുമ്പോഴാണ് കോളോത്ത് അബ്ദുല്ല ഹാജി മരിച്ച വിവരം ദോഹയിൽ നിന്ന് ഫോണിലൂടെ അറിഞ്ഞത്. മാസങ്ങളായി ദോഹയിലെ ഹമദ് ഹോസ്പിറ്റലിൽ തീവ്രപരിചരണ വിഭാഗത്തിൽ കിടക്കുകയായിരുന്നു അദ്ദേഹം. അങ്ങനെ 80 വർഷം നീണ്ടുനിന്ന അബ്ദുല്ലാഹാജിയുടെ ജീവിതയാത്ര അദ്ദേഹം ഏറ്റവുമേറെ സ്നേഹിക്കുകയും തന്റെ കർമഭൂമിയായി തെരഞ്ഞെടുക്കുകയും ചെയ്ത ഖത്തറിൽ തന്നെ അവസാനിച്ചു. 'എത് മണ്ണിൽ വെച്ചാണ് മരിക്കുകയെന്ന് ഒരാളും അറിയുന്നില്ല' എന്ന ഖുർആനിക സൂക്തം ശരിവെച്ചുകൊണ്ട്.

1974 ൽ ഖത്തറിലെ മഅ്ഹദുദ്ദീനിയിലേക്ക് ഉപരിപഠനത്തിന് വന്നപ്പോഴാണ് ആദ്യമായി അബ്ദുല്ല ഹാജിയെ കാണുന്നതും പരിചയപ്പെടുന്നതും. ഇൻസൈഡ് ചെയ്ത ഷർട്ടും പാന്റ്സും ധരിച്ച് തലയിൽ തൊപ്പിവെച്ച് വട്ടത്താടിയുള്ള സുന്ദരമായ ശരീരാകൃതി ആരെയും ആകർഷിക്കുന്നതായിരുന്നു. അന്ന് ജമാഅത്ത് പ്രവർത്തകരായി മൂന്ന് പേരാണ് ഖത്തറിൽ അറിയപ്പെടുക. കൂളിമുട്ടം മുഹമ്മദലി സാഹിബ്, എ.വി അബ്ദുൽ മജീദ് സാഹിബ്, കോളോത്ത് അബ്ദുല്ല ഹാജി. ഖത്തറിൽ ഉപരിപഠനത്തിന് വന്ന ഞങ്ങൾക്ക് ഇവരായിരുന്നു രക്ഷിതാക്കൾ. ഇവരുടെ ശ്രമങ്ങളുടെ ഫലമായാണ് മർഹൂം അബുൽ ജലാൽ മൗലവിയും അബ്ദുല്ലാ ഉമരിയും മറ്റും ഖത്തർ സന്ദർശിക്കുന്നതും കേരളത്തിൽ നിന്നുള്ള വിദ്യാർഥികളെ സ്വീകരിക്കാൻ ഖത്തർ വിദ്യാഭ്യാസ മന്ത്രാലയം തയാറാകുന്നതും.

ഇന്ത്യയിലും പാകിസ്താനിലുമായി പല പ്രദേശങ്ങളും കറങ്ങിത്തിരിഞ്ഞാണ് 1956 ൽ അബ്ദുല്ല ഹാജി ഖത്തറിൽ എത്തിച്ചേരുന്നത്. കഠിനാധ്വാനം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. മൂന്ന് റസ്റ്റോറന്റുകൾ ദോഹയിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്നു. ഇവയുടെ നടത്തിപ്പ് തന്നെ മുഴുസമയവും കവർന്നെടുക്കുമായിരുന്നെങ്കിലും അതോടൊപ്പം മറ്റെല്ലാ ദീനീ പ്രവർത്തനങ്ങളിലും പങ്ക് വഹിക്കാൻ അദ്ദേഹം സമയം കണ്ടെത്തുമായിരുന്നു. യോഗങ്ങൾക്കും പരിപാടികൾക്കും മുൻനിരയിലുണ്ടാകും. ഹൽഖാ യോഗങ്ങളിൽ വീഴ്ച കൂടാതെ സന്നിഹിതനാകും. നാട്ടിൽ നിന്ന്



ഗസ്റ്റുകൾ വന്നാൽ അവരോടൊപ്പം ചേർന്ന് പ്രമുഖ വ്യക്തിത്വങ്ങളെ സന്ദർശിക്കാനും ഓടിയെത്തും. ഇതിനെല്ലാം പുറമെ പല സ്ഥലങ്ങളിലും ക്ലാസുകൾ സംഘടിപ്പിക്കാനും ക്ലാസെടുക്കാൻ ഞങ്ങളെ പോലുള്ളവരെ കൊണ്ടു പോകാനും അബ്ദുല്ല ഹാജി വാഹനവുമായെത്തും. അദ്ദേഹത്തിന്റെ ആ പഴയ 'മസ്ദാ' കാറിലുള്ള യാത്ര രസകരമാണ്.

നാട്ടിലായിരുന്നാലും വിദേശത്തായിരുന്നാലും ഒരു സംഘടനാ പരിപാടിയും അദ്ദേഹം മുടക്കുകയില്ല. എല്ലാ വെള്ളിയാഴ്ചയും കോഴിക്കോട്ടെ 'ലുഅ്‌ലുഅ്' പള്ളിയിൽ ജുമുഅക്കെത്താൻ പരമാവധി ശ്രദ്ധിക്കും. ഔപചാരിക വിദ്യാഭ്യാസം കൂടുതലില്ലെങ്കിലും വിജ്ഞാന സദസ്സുകളിലെ സാന്നിധ്യം അദ്ദേഹത്തെ ഒരു മതപണ്ഡിതനാക്കിമാറ്റിയിരുന്നു. 'ഇൽമ്' (വിജ്ഞാനം) നിങ്ങൾക്കാണ് കൂടുതലെങ്കിലും 'തജ്‌രിബ' (അനുഭവജ്ഞാനം) എനിക്കാണ് കൂടുതലെന്ന് അദ്ദേഹം എപ്പോഴും അഭിമാനപൂർവം പറയും. ഖത്തറിലെ മതപണ്ഡിതരായിരുന്ന ശൈഖ് അബ്ദുല്ല ബിൻ സൈദ് ആലുമഹ്മൂദ്, ശൈഖ് അബ്ദുല്ല അൻസാരി, ശൈഖ് ഇബ്നു ഹജർ എന്നിവരുമായും ഡോ. യൂസുഫുൽ ഖറദാവി, ശൈഖ് അബ്ദുൽ മുഇസ്സ് തുടങ്ങിയവരുമായും പരേതന് നല്ല അടുപ്പമായിരുന്നു. പൗരപ്രമുഖരായ പല വ്യക്തികളുമായും അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു. ഖത്തറിലെ മുൻ ആഭ്യന്തര മന്ത്രിയും മുൻ അമീർ ശൈഖ് ഖലീഫയുടെ സഹോദരനുമായ ശൈഖ് ഖാലിദിന്റെയടുത്ത് ഒരിക്കൽ ഒരതിഥിയേയും കൂട്ടി ചെന്നപ്പോൾ പ്രസ്തുത അതിഥിയുടെ സാക്ഷ്യപത്രം കാണിക്കാൻ അബ്ദുല്ല ഹാജി മുതിർന്നപ്പോൾ 'ശഹാദ'യായി നീ തന്നെ മതിയെന്ന് അദ്ദേഹം പറഞ്ഞത് ഓർമയിൽ വരുന്നു.

തികഞ്ഞ മതഭക്തനായിരുന്നു അബ്ദുല്ല ഹാജി. ജമാഅത്തു നമസ്കാരങ്ങളിലെ കൃത്യനിഷ്ഠ, സുന്നത്തുകളിലെ സൂക്ഷ്മത, തഹജ്ജുദ് നമസ്കാരം, ഹജ്ജ് ഉംറ നിർവഹണം എന്നിവയിൽ അദ്ദേഹം മാതൃകയാണ്. പ്രസ്ഥാനത്തോടുള്ള കൂറും പ്രതിബദ്ധതയും അതീവ ശക്തമായിരുന്നു. കെ.സി അബ്ദുല്ല മൗലവി, ടി.കെ അബ്ദുല്ല സാഹിബ്, കെ.എ സിദ്ദീഖ് ഹസൻ സാഹിബ് എന്നീ മുൻ അമീറുമാരുമായും ഇപ്പോഴത്തെ ജമാഅത്ത് നേതൃത്വവുമായുമെല്ലാം വളരെ അടുത്ത ബന്ധം അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. മക്കളും മരുമക്കളുമെല്ലാം പ്രസ്ഥാന പ്രവർത്തകരോ സഹയാത്രികരോ ആണ്.

ഏതാനും വർഷങ്ങളായി നാട്ടിൽ സ്ഥിര താമസമാക്കിയ അബ്ദുല്ല ഹാജി ഉംറ നിർവഹിക്കാൻ കുടുംബസമേതം പുറപ്പെട്ട് വഴിമധ്യേ ഖത്തറിലെത്തിയ അദ്ദേഹത്തെ പക്ഷാഘാതത്തെ തുടർന്ന് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയായിരുന്നു. അവിടെ വെച്ചു തന്നെയാണ് മരണം സംഭവിച്ചതും. അങ്ങനെ നാലുപതിറ്റാണ്ടുകൾ താൻ ചെലവഴിച്ച അതേ മണ്ണിൽ തന്നെ അന്ത്യവിശ്രമം കൊള്ളാനുള്ള ദൈവ നിശ്ചയം നടപ്പായി. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ. കുടുംബത്തിന് സഹനവും സാന്ത്വനവും പ്രദാനം ചെയ്യട്ടെ! ആമീൻ.

**വി.കെ. അലി**